സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

**R.O.C. No.10425/21/OAD**

ദേവസ്വം ബോർഡ് ആഫീസ്,
തിരുവനന്തപുരം, 28/11/2023

## സർക്കുലർ

വിഷയം :വിവിധ ആഡിറ്റ് നോട്ടുകൾ പ്രകാരമുള്ള ചുമതല ക്ലിയർ ചെയ്യുന്നത് സംബന്ധിച്ച്
സൂചന : 15/02/2021 ലെ R.O.C. 25/21/OAD നമ്പർ ഉത്തരവ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ ആഡിറ്റ് നടക്കുന്ന വേളയിൽ ബന്ധപ്പെട്ട ചുമതലക്കാരുടെ പേരിൽ ഭീമമായ ബാദ്ധ്യത തിട്ടപ്പെടുത്തുകയും കാലങ്ങൾക്ക് ശേഷം കോടതി വ്യവഹാരങ്ങൾക്ക് ഇടയാകുമ്പോൾ ടി ബാദ്ധ്യത ടിയാന്മാരുടെ പേരിൽ നിന്നും ഒഴിവാക്കുന്നതിന് ശിപാർശ ചെയ്ത് വരുന്നതായും ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്.

പ്രസ്തുത നടപടി ശരിയല്ലായെന്ന് ബോർഡ് വിലയിരുത്തുന്നു.

ചുമതലകൾ സംബന്ധിച്ച് ബന്ധപ്പെട്ട ജീവനക്കാർ നൽകുന്ന ആക്ഷേപങ്ങൾ പരിശോധിച്ച് നടപടികൾ കൈക്കൊള്ളുന്നതിന് ദേവസ്വം കമ്മീഷണർ ചെയർമാനായും ചീഫ് എഞ്ചിനീയർ, ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ, ദേവസ്വം അക്കൗണ്ടസ് ആഫീസർ, ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ ഫിനാൻസ് & ഇൻസ്പെക്ഷൻ എന്നിവർ അംഗങ്ങളായും ഒരു സമിതിയെ നിയോഗിച്ച് സൂചനയായി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ആകയാൽ ആഡിറ്റ് നടക്കുന്ന വേളയിൽ തന്നെ ബാദ്ധ്യത തുകകൾ വ്യക്തമായി ബോദ്ധ്യപ്പെട്ടും ബന്ധപ്പെട്ട ചുമതലക്കാരെ ബോദ്ധ്യപ്പെടുത്തിയും ചുമതല സ്റ്റേറ്റ്മെന്റ് തയ്യാറാക്കി നിശ്ചിത സമയപരിധിയ്ക്കകം ബാദ്ധ്യത തുകകൾ ഈടാക്കി ഒടുക്ക് വരുത്തിയും ആഡിറ്റ് വേളയിൽ ചുമതലയുള്ളവർ രേഖാമൂലം സമർപ്പിക്കുന്ന ആക്ഷേപങ്ങൾ പരിഗണിയ്ക്കാത്ത സ്ഥിതിവിശേഷം ഉണ്ടെങ്കിൽ ടി ചുമതലകൾ സംബന്ധിച്ച് ബന്ധപ്പെട്ട ജീവനക്കാർ ആഡിറ്റ് നോട്ട് സമർപ്പിച്ച് 3 മാസത്തിനകം നൽകുന്ന ആക്ഷേപങ്ങൾ ടി സമിതി പരിശോധിച്ച് സൂചന ഉത്തരവ് പ്രകാരം നടപടികൾ കൈക്കൊണ്ട് ആഡിറ്റ് നോട്ട് ക്ലോസ് ചെയ്യുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണെന്നും നിർദ്ദേശിച്ച് ഉത്തരവാകുന്നു.

വിശ്വസ്തതയോടെ

സെക്രട്ടറി

പകർപ്പ് :

1. ദേവസ്വം കമ്മീഷണർ
2. ചീഫ് എഞ്ചിനീയർ
3. ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ
4. ദേവസ്വം അക്കൗണ്ടസ് ആഫീസർ
5. ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ ഫിനാൻസ് & ഇൻസ്പെക്ഷൻ
6. എല്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും
7. എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും
8. ഐ.റ്റി. സെക്ഷൻ
9. മിനിട്സ്
10. സെക്ഷൻ ഫയൽ
11. ഫയൽ ബുക്ക്
12. ഫെയർ ആഫീസ് കോപ്പി